പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5168 02.07.2013 -ൽ മറുപടിക്ക്

ബാംഗ്ലൂർക്ക് അന്തർസംസ്ഥാന ബസ്

ചോദ്യം

ശ്രീ. റ്റി. വി. രാജേഷ് :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | അന്തർ സംസ്ഥാന പെർമിറ്റുള്ള ബസ്സുകളുടെ കുറവു കാരണം കെ.എസ്.ആർ.ടി.സി.-യുടെ ദീർഘ ദൂര സർവ്വീസുകൾ പലതും മുടങ്ങുന്നതു മൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; കണ്ണൂർ, പയ്യന്നൂർ ഡിപ്പോകളിൽ നിന്ന് ബാംഗ്ലൂർക്ക് എത്ര അന്തർ സംസ്ഥാന ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>അന്തർ സംസ്ഥാന സർവ്വീസിനുള്ള ബസ്സുകൾ അതിലേക്കായി തന്നെയാണ് ഉപയോഗിച്ച് വരുന്നത്. എന്നാൽ ടി ബസ്സുകൾ മെയിന്റനൻസിനായി വർക്ക് ഷോപ്പിൽ പിടിക്കുകയോ ആക്സിഡന്റിൽ പെടുകയോ ചെയ്യുമ്പോൾ ഉപയോഗി ക്കാനുള്ള സ്പെയർ ബസ് ചില അവസരങ്ങളിൽ സംസ്ഥാനത്തിനകത്തുള്ള സർവ്വീസിനായി ഉപയോഗിക്കാറുണ്ട്. കണ്ണൂരിൽ നിന്നും മൂന്നും, പയ്യന്നൂരിൽ നിന്നും രണ്ടും സർവ്വീസുകൾ ബാംഗ്ലൂരി ലേക്ക് കൃത്യമായി നടത്തിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത റൂട്ടിലൂടെ കൂടുതൽ ബസ് കാര്യക്ഷമമായി സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരി ക്കുമോ ? | (ബി) | ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ